ഫ്ലഷ് ഔട്ട് (ഒഴുക്കിക്കളയൽ) സംവിധാനം നിലവിൽ പമ്പയാറിൽ ഫലപ്രദമായി നടപ്പിലാക്കിയും വർഷകാലത്ത് ഡാമുകളിൽ ശേഖരിച്ചിട്ടുള്ള വെള്ളം തുറന്നുവിട്ട് മാലിന്യങ്ങൾ നദികളിൽ സ്ഥിരമായി കെട്ടിനിൽക്കാതെ സംരക്ഷിക്കാനുമുള്ള പദ്ധതികളും നിലവിൽ നടപ്പാക്കിവരുന്നുണ്ട്.

(ബി) ഉണ്ട്. നദികളെ മാലിന്യവിമുക്തമാക്കുന്നതിന് ബഹുമുഖ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ കരമന-കിള്ളി നദികളുടെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ RITES എന്ന സ്ഥാപനം വഴി തയ്യാറാക്കിയിട്ടുണ്ട്. നദീമാലിന്യം കുറയ്ക്കുന്നതിനായി ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ/അറവുശാലകൾ തുടങ്ങിയവ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്.

(സി) പദ്ധതി രൂപീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവയുടെ സഹകരണം പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) നദികളെ മാലിന്യവിമുക്തമാക്കുന്നതിന് ബഹുമുഖ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ കരമന-കിള്ളി നദികളുടെ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ RITES എന്ന സ്ഥാപനം വഴി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന് കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാന്ത്വന ചികിത്സ

1 (4284) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സാന്ത്വന ചികിത്സാ രംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ;

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവ്വേദ/ ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഹോമിയോ/ആയുർവ്വേദ ചികിത്സാ രീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാന്ത്വന ചികിത്സാരംഗത്ത് രാജ്യത്തിന് ആകെ മാതൃകയായുള്ള ഒരു പദ്ധതിയാണ് സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി നടപ്പിലാക്കിവരുന്നത്. മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന ഹോംകെയർ ആഴ്ചയിൽ 3 ദിവസമാക്കി ഉയർത്താനും പാലിയേറ്റീവ് പരിചരണ മേഖലയിൽ ആയുർവ്വേദ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലയിലും പരിശീലനങ്ങൾ നടത്താനും നടപടി സ്വീകരിച്ചുവരുന്നു. സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികൾക്ക് ആയത് ലഭ്യമാക്കുന്നതിനായി പൊതുജനങ്ങളിൽ വ്യക്തമായ അവബോധം വളർത്തുന്നതിനായി സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലകരുടെ പരിശീലനം സംഘടിപ്പിക്കുക വഴി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവർക്ക് തുടർച്ചയായി പരിശീലനങ്ങൾ നടപ്പിലാക്കാൻ സാധിക്കും. ആയുർവ്വേദ/ഹോമിയോപ്പതി മേഖലയിലും കൂടുതൽ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ /പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സാന്ത്വന പരിചരണ പദ്ധതികൾ നവീകരിക്കാൻ വേണ്ട പരിപാടികൾ കാലോചിതമായി നടപ്പിലാക്കുന്നതാണ്.

(ബി) ഉണ്ട്. സാന്ത്വന ചികിത്സയ്ക്ക് ആയുർവ്വേദ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഥായിയായ രോഗങ്ങളാൽ കിടപ്പിലായ രോഗികൾക്ക് ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾക്ക് ശമനം ഉണ്ടാക്കുവാൻ കഴിയുന്നു. ഇത്തരക്കാരിലുണ്ടാകുന്ന പലവിധ രോഗങ്ങൾക്കും ആയുർവ്വേദ ഔഷധങ്ങൾ അങ്ങേയറ്റം തൃപ്തികരമാണെന്ന് രോഗികൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശാരീരികവും മാനസികവുമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് കൃത്യമായ ഇടവേളകളിൽ ഡോക്ടറുടെ സേവനവും ഔഷധങ്ങളും വളരെയധികം ഫ്രീ ചെയ്യുന്നുണ്ട്. ടി പദ്ധതി ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2012-13 മുതൽ ഫലപ്രദമായി ആവിഷ്കരിച്ചുവരുന്നുണ്ട്.

സാന്ത്വന ചികിത്സയ്ക്ക് ഹോമിയോ മരുന്നുകളും വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കൂരാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ആഴ്ചയിൽ ഒരു ദിവസം കാൻസർ ചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനും വേണ്ടി മാത്രം ആരംഭിച്ച സ്പെഷ്യൽ ക്ലിനിക്കിൽ ഒട്ടനവധി രോഗികൾ ചികിത്സ തേടി എത്തുകയും അവർക്ക് രോഗശാന്തി ലഭിക്കുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തിൽ വണ്ടൂരിൽ പ്രവർത്തനം

ആരംഭിച്ച പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററിൽ അനേകം ക്യാൻസർ രോഗികൾ ശാന്തിയും സാന്ത്വനവും തേടി എത്തുന്നു. അനുദിനം വർദ്ധിച്ചു വരുന്ന ഈ രോഗികളിൽ ഭൂരിഭാഗം പേർക്കും രോഗശാന്തിയും സാന്ത്വനവും ഹോമിയോപ്പതി ചികിത്സയിലൂടെ ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഹോമിയോ/ആയുർവ്വേദ ചികിത്സാരീതിയിലുള്ള സാന്ത്വന പരിചരണ കേന്ദ്രങ്ങൾ തുടർന്നും അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം

2(4285) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചു; അവ ഏതെല്ലാം;

(ബി) എൻ.എ.ബി.എച്ച്. അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളെയും എൻ.എ.ബി.എച്ച്. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 6 ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചു.

1. ജനറൽ ആശുപത്രി, എറണാകുളം
2. ചേർത്തല താലൂക്ക് ആശുപത്രി
3. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
5. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
6. ഐക്കോൺസ്, ഷൊർണ്ണൂർ, പാലക്കാട്.

ഇതുകൂടാതെ ബ്ലഡ് ബാങ്ക്, ആലുവയ്ക്കും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്.)-ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly